LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിർബന്ധിത അവധി ആർക്കും കൊടുത്തിട്ടില്ല. 3-6-2003 മുതൽ 10-6-2003 വരെ 9 ദിവസം കോഴ്സ് നിർത്തിവച്ച് എല്ലാവർക്കും അവധി കൊടുത്തിരുന്നു. 16 എസ്.ഐ. ട്രെയിനികൾ ഇപ്പോൾ മെഡിക്കൽ ലീവിലാണ്.

(സി) ജില്ലാ മെഡിക്കലാഫീസിൽ നിന്നും വിദഗ്ധസംഘം ട്രെയിനിംഗ് കോളേജ് സന്ദർശിക്കുകയും അവരുടെ നിർദ്ദേശാനുസരണം മുൻകരുതൽ എടുക്കുകയും ചെയ്തിട്ടുണ്ട്. ട്രെയിനികൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തിയിട്ടുണ്ട്.

എസ്.ഐ. നിയമനവുമായി ബന്ധപ്പെട്ട അഴിമതി

35 (785) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബ് ഇൻസ്പെക്ടർ നിയമനവുമായി ബന്ധപ്പെട്ട അഴിമതി യുവജനങ്ങൾക്കിടയിൽ സൃഷ്ടിച്ചിട്ടുള്ള അരക്ഷിതത്വം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സംഭവവുമായി ബന്ധപ്പെട്ട് പി.എസ്.സി. ക്ക് ഉണ്ടായിരുന്ന വിശ്വാസ്യത നഷ്ടപ്പെട്ടിട്ടുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പി.എസ്.സി. യ്ക്ക് നഷ്ടപ്പെട്ട വിശ്വാസ്യത വീണ്ടെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്, വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സബ് ഇൻസ്പെക്ടർ നിയമനവുമായി ബന്ധപ്പെട്ട് സർക്കാരിന് ചില പരാതികൾ ലഭിച്ചിരുന്നു. ഈ പരാതികൾ സംബന്ധിച്ച വസ്തുതകൾ ലഭ്യമാക്കാൻ പി.എസ്.സി. യോട് ആവശ്യപ്പെടുകയും അതനുസരിച്ച് പി.എസ്.സി.. സർക്കാരിന് മറുപടി തരുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ ഇതിൽ ഇപ്പോൾ നടപടിയൊന്നും സ്വീകരിക്കേണ്ടതില്ല എന്നാണ് പി. എസ് സി. അറിയിച്ചിരിക്കുന്നത്. പി. എസ് സി യുടെ മറുപടി സർക്കാർ പരിശോധിച്ചുവരികയാണ്.

എസ്.ഐ. നിയമനത്തിനുള്ള പരീക്ഷയുടെ ഉത്തര സൂചിക ചോർന്നതായി പരാതി

36 (786) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റവും ഒടുവിൽ എസ്. ഐ. നിയമനത്തിന് പി. എസ്. സി. നടത്തിയ പരീക്ഷയുടെ ഉത്തര സൂചിക ചോർന്നിട്ടുണ്ടോ ;

(ബി) പ്രസ്തുത പരീക്ഷയ്ക്കിരുന്നവരിൽ ആദ്യനമ്പരുമുതൽ 300 വരെയുള്ള നമ്പരിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്ന് എത്ര പേർ റാങ്കുനേടി വിജയിച്ചു ;

(സി) ഇതേ പരീക്ഷയിൽ 35082 മുതൽ 35129 വരെയുള്ള നമ്പരിൽപ്പെട്ട എത്ര പേർ റാങ്കുനേടി വിജയിച്ചു ;

(ഡി) ഇവർ ഒരു സെന്ററിലാണോ പരീക്ഷ എഴുതിയത് ;

(ഇ) ഈ നമ്പരുകാരിൽ 35092 മുതൽ 35095 വരെയുള്ള നമ്പരുകാർ ഒരേ ബഞ്ചിലിരുന്ന് പരീക്ഷയെഴുതിയവരാണോ ;

(എഫ്) 35103 മുതൽ 35106 വരെ നമ്പരുള്ള നാലുപേർ ഒരേ ബഞ്ചിലിരുന്ന് പരീക്ഷയെഴുതിയവരാണോ ;

(ജി) വളരെ കടുത്ത ചോദ്യങ്ങളുണ്ടായിരുന്ന പരീക്ഷയിൽ ഇവർക്ക് എപ്രകാരം ഉയർന്ന റാങ്കുകിട്ടി എന്ന് വ്യക്തമാക്കുമോ ;

(എച്ച്) പ്രസ്തുത പരീക്ഷയിൽ 96 മാർക്കുനേടിയ വ്യക്തി പി.എസ്.സി. യിലെ ജീവനക്കാരനാണോ ; മുകളിൽപ്പറഞ്ഞ ഉദ്യോഗാർത്ഥികളുടെ പേരും മേൽവിലാസവുമടങ്ങിയ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ-എച്ച്) വിവരം ശേഖരിച്ചുവരുന്നു.

എസ്.ഐ. നിയമനം-ഷോർട്ട് ലിസ്റ്റിൽ വരുത്തിയിട്ടുള്ള കൂട്ടിച്ചേർക്കലുകൾ

37 (787) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി. ഏറ്റവും ഒടുവിൽ എസ്.ഐ. നിയമനത്തിനുവേണ്ടി നടത്തിയ പരീക്ഷയിൽ റാങ്ക് നേടിയവരുടെ പ്രസിദ്ധീകരിക്കപ്പെട്ട ഷോർട്ട് ലിസ്റ്റിൽ എത്ര കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ട് ;

(ബി) ഈ കൂട്ടിച്ചേർക്കലുകൾവഴി എത്രപേരെ പുതുതായി ചേർത്തു ;

(സി) ഏതെല്ലാം രജിസ്റ്റർ നമ്പരുകളാണ് പുതുതായി ചേർക്കപ്പെട്ടത് ; കൂട്ടി ചേർക്കൽ നടത്തിയതുൾപ്പെടെയുള്ള ഷോർട്ടലിസ്റ്റിൽ പേരില്ലാത്ത രണ്ട്പേർക്ക് എസ്. ഐ. സെലക്ഷൻ നൽകിയിട്ടുണ്ടോ ;

(ഡി) കൂട്ടിച്ചേർക്കൽ ലിസ്റ്റ്മുഖേനയും ഷോർട്ട്ലിസ്റ്റിൽപ്പെടുത്താത്തവർക്ക് സെലക്ഷൻ നൽകിയത് ക്രമാനുസൃതമാണോ ;

(ഇ) ഷോർട്ട്ലിസ്റ്റിൽ പേരില്ലാതെ സെലക്ഷൻ കിട്ടിയവരുടെ പേരും മേൽവിലാസവും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly